# ACHARYA

An influential mentor

# WEEKLY EDITORIAL ANALYSIS – THE HINDU

21/03/22 - 26/03/22

www.acharyainfo.com

# 'Mounting pressure' 21/03/22

നിലവിൽ ജപ്പാൻ പ്രധാനമന്ത്രിയുമായും ആസ്ത്രേലിയൻ പ്രധാനമന്ത്രിയുമായും ഉച്ചകോടികൾ രാജ്യത്ത് ഈ അടുത്ത ദിവസങ്ങളിലായി നടന്നു കഴിഞ്ഞു. ഇസ്രായേൽ പ്രധാനമന്ത്രിയുമായുള്ള ഇന്ത്യൻ പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച വരാനിരിക്കുന്നു. കൂടാതെ അമേരിയ്ക്കൻ അണ്ടർ സെക്രട്ടറി ഓഫ് സ്റ്റേറ്റും , ചില യൂറോപ്യൻ വിദേശകാര്യ മന്ത്രിമാരും ഇന്ത്യ സന്ദർശിക്കുകയുണ്ടായി. ഈ കൂടികാഴ്ചയുടെയെല്ലാം പൊതുവായുള്ള കാര്യം എന്നത് എല്ലാം പെട്ടന്ന് തീരുമാനിക്കപ്പെട്ടതാണ് എന്നതും പ്രധാനമായും ചർച്ചയ്യപ്പെട്ടത് യുക്രൈൻ വിഷയത്തിലുള്ള ഇന്ത്യയുടെ നിലപാട് ആണ് എന്നതുമാണ്.

ജപ്പാൻ പ്രധാനമന്ത്രിയുടെ സന്ദർശനം വാർഷിക ഉച്ചകോടിയുടെ ഭാഗമായിട്ടാണെങ്കിലും ചർച്ചയുടെ പ്രധാന ലക്ഷ്യം യുക്രൈൻ വിഷയത്തിൽ സമാന നിലപാട് ഉണ്ടാക്കിയെടുക്കുകയും യുക്രൈൻ വിഷയത്തിൽ റഷ്യയോടുള്ള ഇന്ത്യയുടെ നിലപാടിൽ മാറ്റം വരുത്തുകയുമാണെന്നത് വ്യക്തമാണ്.

ഈ സന്ദർശനങ്ങളുടെയെല്ലാം സന്ദേശം വ്യക്തമാണ് അവ: ഐക്യരാഷ്ട്ര സഭയിൽ റഷ്യ-യുക്രൈൻ വിഷയത്തിലെ ഇന്ത്യയുടെ നിലപാട് മാറേണ്ടതുണ്ട്, റഷ്യക്കെതിരെയുള്ള ഉപരോധത്തിൽ ഇന്ത്യ സഹകരിക്കണം, റഷ്യയിൽ നിന്നും കൂടുതൽ എണ്ണ വാങ്ങിക്കാനുള്ള തീരുമാനത്തിൽ നിന്നും ഇന്ത്യ വിട്ടുനിൽക്കണം എന്നിവയാണ്.

റഷ്യക്കനുകൂലമായ നിലപാടിൽ നിന്നും ഇന്ത്യ നിലവിൽ മാറാത്തതിന് നിരവധി കാരണങ്ങൾ ഉണ്ട്. എങ്കിലും ഈ നിലപാട് അന്താരാഷ്ട്ര തലത്തിൽ ഉണ്ടാക്കിയേക്കാവുന്ന പ്രശ്നങ്ങളും ഇന്ത്യ കണക്കിലെടുക്കേണ്ടതുണ്ട്. യുക്രൈനിൽ സാധാരണക്കാർ കൊല്ലപ്പെടുന്നത് വർദ്ധിക്കുന്ന സാഹചര്യത്തിൽ റഷ്യയുടെ ഇത്തരത്തിലുള്ള മനുഷ്യാവകാശധ്വംസനങ്ങൾ ഇന്ത്യ കണ്ടില്ലെന്ന് നടിക്കരുത്. ആണവായുദ്ധവുമായി ബന്ധപ്പെട്ട ആശങ്ക ഇന്ത്യക്കുള്ളപ്പോൾ ഇന്ത്യ അത് തീർച്ചയായും റഷ്യൻ അധികാരികളുമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്.

പല കാരണങ്ങൾകൊണ്ടും റഷ്യക്ക് അനുകൂലമായ നിലപാടുകൾ സ്വീകരിക്കേണ്ടത് ആവശ്യമാണെങ്കിലും ഒപ്പം ഇന്ത്യ സ്വന്തം നയതന്ത്രപരവും രാഷ്ട്രതന്ത്രപരവുമായ സ്വയംനിർണ്ണയാവകാശവും സംരക്ഷികേണ്ടതുണ്ട്.

ACHARYA
An influential mentor

## 'Freeze out' 24/03/22

നീണ്ട 137 ദിവസങ്ങൾക്ക് ശേഷം പെട്രോളിയം വിലയിൽ രാജ്യത്ത് വീണ്ടും വർദ്ധനവ് വന്നു. നവംബർ ആദ്യം അസംസ്കൃത എണ്ണയുടെ വില ബാരലിന് 73 ഡോളർ ആയിരുന്നത് ഇപ്പോൾ ഏകദേശം 110 ഡോളറിനും മുകളിലാണ്. റഷ്യ-യുക്രൈൻ യുദ്ധമാണ് പെട്ടന്ന് വലിയരീതിയിലുള്ള വര്ധനവിലേക്ക് നയിച്ചത്. രാജ്യത്ത് എണ്ണ വില തീരുമാനിക്കുന്നത് എണ്ണ കമ്പനികൾ ആണ്. 15 ദിവസത്തെ അന്താരാഷ്ട്ര തലത്തിലുള്ള വിലയുടെ ശരാശരിയുടെ അടിസ്ഥാനത്തിൽ ദിവസേന എണ്ണ വിലയിൽ കമ്പനികൾ മാറ്റം കൊണ്ടുവരും. എന്നാൽ അന്താരാഷ്ട്ര തലത്തിൽ എണ്ണ വില ഉയരുന്ന സാഹചര്യത്തിലും അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിനെ തുടർന്ന് രാജ്യത്ത് എണ്ണ വില വർദ്ധിപ്പിച്ചില്ല.

എണ്ണ വിലയിൽ സർക്കാർ നിയന്ത്രണം എടുത്തുകളഞ്ഞ സാഹചര്യത്തിൽ ഇത്തരത്തിൽ തെരെഞ്ഞെടുപ്പുപോലുള്ള രാഷ്ട്രീയ കാരണങ്ങളാൽ എണ്ണ വില അന്താരാഷ്ട്ര വിലക്കനുസരിച്ച് ഉയർത്താൻ സാധിക്കാത്തത് രാഷ്രീയപരമായി ധാർമ്മികമല്ലാത്തതും സാമ്പത്തികമായി നഷ്ടമുണ്ടാക്കുന്നതുമായ നടപടിയാണ്. തെരഞ്ഞെടുപ്പിനെ തുടർന്ന് എണ്ണ വില വർദ്ധിപ്പിക്കാതിരിക്കുന്നത് ഭരിക്കുന്ന പാർട്ടിക്ക് അനുകൂലമായ സാഹചര്യം സർക്കാർ സൃഷ്ട്ടിക്കുന്ന അവസ്ഥയാണ്. ഇത് രാഷ്ട്രീയപരമായി ശെരിയായ നടപടിയല്ല.

ACHARYA
An influential mentor

## 'Crisis in Sri Lanka' 25/03/22

ശ്രീലങ്ക ഇന്ന് വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പെട്രോളിയം ഉത്പന്നങ്ങൾക്കും അവശ്യ സാധനങ്ങൾക്കും വില കുതിച്ചിയരുന്ന സാഹചര്യമാണ്. കോവിഡ് മഹാമാരി ശ്രീലങ്കയുടെ സാമ്പത്തിക അടിത്തറ ഇളക്കിയതാണ് പ്രധാന പ്രശ്നമായി മാറിയത്. വൈദേശികവും ആഭ്യന്തരപരവുമായ കടം മറ്റൊരു പ്രശ്നമായി മാറി. ഇന്ത്യ നൽകിയ വായ്പ്പ പുനഃക്രമീകരിക്കാൻ ശ്രീലങ്ക 2020ൽ ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ മൂന്ന് മാസത്തിനിടെ 2.4 ബില്യൺ അമേരിക്കൻ ഡോളറിന്റെ സാമ്പത്തിക സഹായം ഇന്ത്യ നൽകിയിരുന്നു. ചൈനയോടും അന്തരാഷ്ട്ര നാണ്യനിധിയോടും ശ്രീലങ്ക സഹായം ആവശ്യപ്പെട്ടിരിക്കുകയാണ്.

പ്രതിസന്ധി രൂക്ഷമായതോടെ ഏകദേശം 16 പേർ അഭയാർഥികളായി തമിഴ്നാട് തീരത്ത് എത്തിക്കഴിഞ്ഞു. ഇവരോട് തികച്ചും അനുകമ്പപരമായ നിലപാട് തമിഴ്നാട് സർക്കാർ സ്വീകരിച്ചു കഴിഞ്ഞു. നിലവിൽ ശ്രീലങ്കയിലെ ആഭ്യന്തര യുദ്ധത്തിന് ശേഷം ഏകദേശം മൂന്ന് ലക്ഷം ശ്രീലങ്കൻ അഭയാർത്ഥികൾ തമിഴ്നാട്ടിൽ കഴിയുന്നുണ്ട്. നിലവിലെ പ്രതിസന്ധി

കള്ളക്കടത്ത് വര്ധിക്കുന്നതിലേക്കും മറ്റു പ്രശ്നങ്ങളിലേക്കും കടക്കാതിരിക്കാൻ ഇരു രാജ്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്.

## 'Heartening milestone' 26/03/22

ഇന്ത്യയുടെ സേവന-ഇതര കയറ്റുമതി ഈ സാമ്പത്തിക വർഷം ലക്ഷ്യം വെച്ചതിനേക്കാൾ കൂടുതലായെന്നുള്ള കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം ഏറെ സന്തോഷം നൽകുന്ന ഒന്നാണ്. കഴിഞ്ഞ മാർച്ച് 21ന് ഇന്ത്യയുടെ സേവന-ഇതര കയറ്റുമതിമൂല്യം 400 ബില്യൺ അമേരിക്കൻ ഡോളർ കവിഞ്ഞു. കോവിഡ് മഹാമാരി ഉണ്ടാക്കിയ ആഘാതത്തിൽ നിന്നും രാജ്യം കരകയറാൻ ശ്രമിക്കുന്ന ഈ സമയത്ത് ഇത് ആശ്വാസം നൽകുന്ന ഒന്നാണ്.

കയറ്റുമതിയിൽ ഉണ്ടായ ഈ വളർച്ച പല ലോജിസ്റ്റിക് ആയ വെല്ലുവിളികൾക്കും നാടുവിൽനിന്നുകൊണ്ടാണ് എന്നത് പ്രശംസനീയമാണ്. മാത്രമല്ല വിവിധ ഡിപ്പാർട്മെന്റുകളെ ഏകോപിപ്പിച്ചുകൊണ്ടും വിദേശങ്ങളിലുള്ള നമ്മുടെ ഏജൻസികളുടെ സഹായം ലഭ്യമാക്കിക്കൊണ്ടും നടത്തിയ ശ്രമം ഇവിടെ ശ്രദ്ധിക്കപ്പെടുകയുണ്ടായി. വ്യാപാര-വ്യവസായ വകുപ്പ് മന്ത്രി വിവിധ രാജ്യങ്ങളിലെ എംബസികളും ഉദ്യോഗസ്ഥരും ഈ വിഷയത്തിൽ നടത്തിയ ശ്രമങ്ങളെ സൂചിപ്പിച്ചിരുന്നു. ഇപ്പോഴത്തെ കയറ്റുമതി വളർച്ച വരും കാലങ്ങളിലും പ്രകടമാകുകയാണെങ്കിൽ രാജ്യത്തിന്റെ വിവിധ രാജ്യങ്ങളിലെ നയതന്ത്രജ്ഞർക്ക് വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുക എന്ന പുതിയ ഉത്തരവാദിത്തം കൂടി നിറവേറ്റേണ്ടതായി വരും.

കയറ്റുമതിയിൽ ഉണ്ടായ ഈ വളർച്ച സന്തോഷകരമാണെങ്കിലും വ്യാപാരരംഗത്ത് പല പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. ഇറക്കുമതിയിൽ ഉണ്ടായ വലിയ വളർച്ച വ്യാപാര-കമ്മി വലിയതോതിൽ ഉയർത്തുകയുണ്ടായി. മാത്രമല്ല റഷ്യ-യുക്രൈൻ യുദ്ധവും രാജ്യത്തിന്റെ, അതിർത്തി കടന്നുള്ള വ്യാപാരത്തിന് പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.

ACHARYA
An influential mentor